REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 27-08-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- ചലച്ചിത്ര മേഖലയിലെ ലൈംഗിക ചൂഷണം അന്വേഷിക്കാൻ രൂപീകരിച്ച പ്രത്യേക സംഘത്തിൻെറ യോഗം തിരുവനന്തപുരത്ത് തുടങ്ങി.
- ഹേമാകമ്മറ്റി റിപ്പോർട്ട് ചർച്ചകൾ മാധ്യമങ്ങൾ വിവാദമുണ്ടാക്കാൻ മാത്രം ഉപയോഗിക്കുകയാണെന്ന് കേന്ദ്രസഹമന്ത്രി സുരേഷ്ഗോപി .
- ഹേമ കമ്മറ്റി റിപ്പോർട്ട് ഉദ്ദേശശുദ്ധിക്ക് വിരുദ്ധമായി മാറുകയാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ.
- സംവിധായകനും തിരക്കഥാകൃത്തുമായ മോഹൻ കൊച്ചിയിൽ അന്തരിച്ചു.
- 161-ാമത് അയ്യൻകാളി ജയന്തി നാളെ ആഘോഷിക്കും.

## വാർത്തകൾ വിശദമായി

**മലയാള ചലച്ചിത്ര മേഖലയിൽ സ്ത്രീകൾ ലൈംഗിക ചൂഷണത്തിന് ഇരയായതിനെക്കുറിച്ച് അന്വേഷിക്കാൻ രൂപീകരിച്ച പ്രത്യേക സംഘത്തിൻെറ യോഗം തിരുവനന്തപുരം ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് പുരോഗമിക്കുന്നു. ക്രൈംബ്രാഞ്ച് ADGP, H.വെങ്കിടേഷാണ് അന്വേഷണത്തിന് നേതൃത്വം നൽകുന്നത്.**

ഹേമ കമ്മിറ്റി റിപ്പോർട്ട് പ്രത്യേക സംഘം പരിശോധിക്കും. മൊഴി കൊടുത്തവരെ വീണ്ടും കണ്ട് മൊഴിയെടുക്കുന്ന കാര്യം യോഗം ചർച്ച ചെയ്യും. 4 വനിത IPS ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് അന്വേഷണ സംഘം.

✪✪✪

ചലച്ചിത്ര മേഖലയിലെ ഹേമാകമ്മറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട ചർച്ചകൾ മാധ്യമങ്ങൾ വിവാദമുണ്ടാക്കാൻ മാത്രം ഉപയോഗിക്കുകയാണെന്ന് കേന്ദ്രസഹമന്ത്രി സുരേഷ്ഗോപി വിലയിരുത്തി. വലിയൊരു സംവിധാനത്തെ ഇതുവഴി തകിടം മറിക്കുകയാണ്. കോടതിയുമായി ബന്ധപ്പെട്ട ഇക്കാര്യത്തിൽ കോടതി തന്നെയാണ് തീരുമാനമെടുക്കേണ്ടതെന്ന് അദ്ദേഹം തൃശൂരിലെ ഒല്ലൂരിൽ പറഞ്ഞു. എവുപ്രാസ്യമ്മ തീർത്ഥാടന കേന്ദ്രത്തിൽ മാധ്യമങ്ങളുടെ ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

അമ്മ ഓഫീസിൽ നിന്ന് ഇറങ്ങി വരുമ്പോൾ ചോദിക്കേണ്ട ചോദ്യങ്ങളാണ് തീർത്ഥാടന കേന്ദ്രത്തിൽ നിന്ന് വരുമ്പോൾ ചോദിക്കുന്നതെന്നും സുരേഷ്ഗോപി കുറ്റപ്പെടുത്തി.

✪✪✪

ഹേമ കമ്മറ്റി റിപ്പോർട്ട് ഉദ്ദേശശുദ്ധിക്ക് വിരുദ്ധമായി മാറുകയാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. ചലച്ചിത്രമേഖലയിലെ സ്ത്രീകളുടെ സുരക്ഷയിൽ ഗവൺമെന്റിന് ആദ്യമുണ്ടായിരുന്ന ഉദ്ദേശശുദ്ധി ഇപ്പോൾ ഇല്ലെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ആരോപണ വിധേയരായ സിദ്ധിഖും രഞ്ജിത്തും രാജിവച്ചിട്ടും മുകേഷ് രാജി വച്ചിട്ടില്ല. ഇവരിൽ നിന്ന് രാജി എഴുതി വാങ്ങാൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന് സുരേന്ദ്രൻ ആവശ്യപ്പെട്ടു. സിനിമാ മേഖലയിൽ ലൈംഗിക അതിക്രമങ്ങൾ മാത്രമല്ല ലഹരി മാഫിയകളും പ്രവർത്തിക്കുന്നുണ്ടെന്നും അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സിനിമാ നടൻ എന്ന നിലയിൽ സുരേഷ് ഗോപി അദ്ദേഹത്തിന്റെ നിലപാട് വ്യക്തമാക്കി. എന്നാൽ പാർട്ടി നിലപാട് മുകേഷ് രാജിവക്കണമെന്നാണെന്ന് സുരേന്ദ്രൻ പറഞ്ഞു. മുകേഷിനെ പങ്കെടുപ്പിച്ച് നടത്തുന്ന കോൺക്ലേവ് തടയുമെന്നും സംസ്ഥാന പ്രസിഡണ്ട് അറിയിച്ചു.

✪✪✪

ചലച്ചിത്ര നയരൂപീകരണ സമിതിയിൽ മുകേഷ് തുടരണോ എന്ന് തീരുമാനിക്കേണ്ടത് ഗവൺമെൻ്റ് ആണെന്ന് ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ ഷാജി N കരുൺ പറഞ്ഞു. ഈക്കാര്യത്തിൽ ഗവൺമെൻ്റുമായി ആലോചിച്ചു തീരുമാനമെടുക്കും. നവംബറിൽ നടത്താനിരിക്കുന്ന ചലച്ചിത്ര കോൺക്ലേവിൽ എല്ലാവർക്കും അവസരം നൽകുമെന്നും, അന്താരാഷ്ട്ര നിലവാരത്തിലായിരിക്കും കോൺക്ലേവ് എന്നും അദ്ദേഹം പറഞ്ഞു. കോൺക്ലേവിലെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് കരട് തയ്യാറാക്കി ഗവൺമെൻ്റിന് കൈമാറുമെന്നും ഷാജി N കരുൺ പറഞ്ഞു. കണ്ണൂരിൽ പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ഹേമാകമ്മിറ്റി റിപ്പോർട്ടിൽ രാജി വെയ്ക്കണമെന്ന പ്രതിപക്ഷ ആവശ്യം രാഷ്ട്രീയ പ്രേരിതമാണെന്ന് മന്ത്രി K.N ബാലഗോപാൽ പറഞ്ഞു. ഗവണ്മെൻ്റും പാർട്ടിയും ഈ വിഷയത്തിൽ പ്രതിരോധത്തിൽ അല്ലെന്നും മന്ത്രി അറിയിച്ചു.

✪✪✪

നടൻ ബാബുരാജിനും സംവിധായകൻ ശ്രീകുമാർ മേനോനും എതിരെ ലൈംഗിക അതിക്രമത്തിന് ജൂനിയർ ആർട്ടിസ്റ്റ് E- മെയിലായി പരാതി നൽകി. പ്രത്യേക അന്വേഷണ സംഘത്തിനാണ് പരാതി അയച്ചത്. നിലവിൽ കേരളത്തിന് പുറത്താണെന്നും നാട്ടിലെത്തിയാൽ ഉടൻ പ്രത്യേക സംഘത്തിന് മൊഴി നൽകുമെന്നും പരാതിക്കാരി അറിയിച്ചു.

✪✪✪

ചൂരൽമല- മുണ്ടക്കൈ പുന:രധിവാസത്തിന് കേന്ദ്രസഹായം തേടി പ്രധാനമന്ത്രി നരേന്ദ്രമോദിയെ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ടേക്കും. ന്യൂഡൽഹിയിലെ കേരളഹൗസിൽ നിന്ന് മുഖ്യമന്ത്രി പ്രധാനമന്ത്രിയുടെ വസതിയിലേക്ക് യാത്ര തിരിച്ചിട്ടുണ്ട്.

പുന:രധിവാസത്തിന് 2,000 കോടി രൂപ സഹായത്തിന് വിശദമായ നിവേദനം മുഖ്യമന്ത്രി, പ്രധാമന്ത്രിക്ക് സമർപ്പിക്കും.

✪✪✪

ബ്യൂറോ ഓഫ് പൊലീസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിന്റെ 54-ാമത് സ്ഥാപക ദിനാഘോഷത്തിൽ കേന്ദ്രമന്ത്രി അമിത് ഷാ നാളെ ന്യൂഡൽഹിയിൽ പങ്കെടുക്കും. 2023, 2024 വർഷങ്ങളിലെ വിശിഷ്ട സേവനത്തിനും, ശ്രേഷ്ടമായ സേവനത്തിനും രാഷ്ട്രപതിയുടെ മെഡൽ നേടിയവരെ ഷാ ആദരിക്കും.

✪✪✪

മഹാരാഷ്ട്ര സിന്ധുദുർഗിലെ കോട്ടയിൽ തകർന്ന ഛത്രപതി ശിവജിയുടെ പ്രതിമ പുനഃസ്ഥാപിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചതായി നാവികസേന അറിയിച്ചു. പ്രതിമ തകരാനുണ്ടായ കാരണത്തെപ്പറ്റി മഹാരാഷ്ട്ര ഗവൺമെന്റുമായി ചേർന്ന് അന്വേഷിക്കാനും നാവികസേനാസംഘത്തിന് നിർദ്ദേശം നൽകിയതായി ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

24-ാമത് അന്താരാഷ്ട്ര മദർ തെരേസ അവാർഡ്ദാന ചടങ്ങ് ദുബായ് മില്ലേനിയം പ്ലാസയിൽ നടന്നു. അഖിലേന്ത്യാ ന്യൂനപക്ഷ, ദുർബല വിഭാഗ കൗൺസിൽ സംഘടിപ്പിച്ച പരിപാടി ഇന്ത്യയ്ക്ക് പുറത്ത് ഇത് രണ്ടാം തവണയാണ് നടക്കുന്നത്.

✪✪✪

ജാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും മുതിർന്ന ജാർഖണ്ഡ് മുക്തി മോർച്ച നേതാവുമായ ചമ്പായി സോറൻ ഈ മാസം 30-ന് റാഞ്ചിയിൽ BJP യിൽ ചേരും. BJP യുടെ ജാർഖണ്ഡ് തിരഞ്ഞെടുപ്പ് സഹചുമതല വഹിക്കുന്ന അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ സാമൂഹ്യ മാധ്യമ പോസ്റ്റിലാണ് ഇത് സംബന്ധിച്ച് പ്രഖ്യാപനം നടത്തിയത്.

✪✪✪

സംവിധായകനും തിരക്കഥാകൃത്തുമായ മോഹൻ കൊച്ചിയിൽ അന്തരിച്ചു. അദ്ദേഹത്തിന് 76 വയസ്സായിരുന്നു. മലയാള സിനിമാരംഗത്ത് കലാമൂല്യവും ജനപ്രിയതയും ഒത്തുചേർന്ന ഒരുപിടി ചിത്രങ്ങളുടെ സംവിധായകൻ എന്ന വിശേഷണത്തിന് അർഹനാണ് മോഹൻ.

വിടപറയും മുൻപേ, പക്ഷേ, അങ്ങനെ ഒരവധിക്കാലത്ത്, ശാലിനി എന്റെ കൂട്ടുകാരി, രണ്ട് പെൺകുട്ടികൾ, ഇളക്കങ്ങൾ, ഇസബെല്ല, ഒരു കഥ ഒരു നുണക്കഥ, ഇടവേള തുടങ്ങി ശ്രദ്ധേയ ചിത്രങ്ങൾ സംവിധാനം ചെയ്തു.

അങ്ങനെ ഒരു അവധിക്കാലത്ത്, മുഖം, ശ്രുതി, ആലോലം വിടപറയും മുമ്പേ എന്നീ സിനിമകൾക്ക് തിരക്കഥയും എഴുതി. ഇതിലെ ഇനിയും വരൂ, കഥയറിയാതെ എന്നിവയുടെ കഥയും അദ്ദേഹത്തിന്റേതാണ്. ഉപാസന എന്ന സിനിമ നിർമ്മിച്ചു.

✪✪✪

ശബ്ദമില്ലാത്തവരുടെ ശബ്ദമായി പുരോഗമന കലാ സാഹിത്യസംഘം മാറണമെന്ന് കവിയും കേരള സാഹിത്യ അക്കാദമി ചെയർമാനുമായ സച്ചിദാനന്ദൻ പറഞ്ഞു. കണ്ണൂർ നായനാർ അക്കാദമിയിൽ പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയിരുന്നു സച്ചിദാനന്ദൻ.

✪✪✪

അമീബിക് മസ്തിഷ്ക്കജ്വരം ബാധിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം പഠിക്കാൻ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിലെ വിദഗ്ധർ ഇന്ന് സംസ്ഥാനത്തെത്തും. ഇതുവരെ 16 പേർക്കാണ് കേരളത്തിൽ രോഗം സ്ഥിരീകരിച്ചത്.

✪✪✪

സാമൂഹ്യ പരിഷ്കർത്താവായ അയ്യൻകാളിയുടെ 161-ാമത് ജയന്തി ആഘോഷം നാളെ വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കും. വെള്ളയമ്പലം അയ്യൻകാളി സ്ക്വയറിൽ രാവിലെ മന്ത്രി O.R കേളുവിന്റെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തും. തുടർന്ന് സമ്മേളനത്തിൽ മന്ത്രിമാരായ V.ശിവൻകുട്ടി, G.R അനിൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

പാരീസ് പാരാലിമ്പിക്സിന് നാളെ തുടക്കമാകും. പതിനൊന്നു ദിവസത്തെ കായികമേള അടുത്ത മാസം 8 ന് സമാപിക്കും. പാരാലിമ്പിക്സിൽ ഇന്ത്യയിൽ നിന്നും 84 അത്‌ലറ്റുകളുടെ സംഘമാണ്

പങ്കെടുക്കുന്നത്. കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ത്യൻ സംഘത്തിന് ആശംസകൾ അറിയിച്ചു.

✪✪✪

ICC വനിതാ ട്വന്റി -20 ലോകകപ്പ് ക്രിക്കറ്റിലെ  ആദ്യ മത്സരത്തിൽ ഇന്ത്യ, ന്യൂസിലൻഡിനെ നേരിടും. ഒക്ടോബർ നാലിന് ദുബായിലാണ് മത്സരം.

✪✪✪

ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിനെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചിരുന്ന മേപ്പാടി ഹയർ സെക്കന്ററി സ്കൂളിൽ അധ്യയനം ആരംഭിച്ചു. ദുരിതാശ്വാസ ക്യാമ്പിൽ താമസിച്ചിരുന്ന കുടുംബങ്ങളെ മറ്റിടങ്ങളിലേക്ക് മാറ്റി താമസിപ്പിച്ച സാഹചര്യത്തിലാണ് സ്കൂൾ തുറന്നത്.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർക്കോട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്.

✪✪✪

ഇന്നലെ കോഴിക്കോട്ട് അന്തരിച്ച മാതൃഭൂമി ചീഫ് സബ് എഡിറ്ററും കാലിക്കറ്റ് പ്രസ്സ് ക്ലബ്ബിന്റെ നിയുക്ത ട്രഷററുമായ T.ഷിനോദ് കുമാറിന്റെ സംസ്കാരം രാവിലെ വെസ്റ്റ്ഹിൽ ശ്മശാനത്തിൽ നടത്തി. തിങ്കളാഴ്ച ഉച്ചയ്ക്ക് ഹൃദയാഘാതത്തെ തുടർന്നായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിയുടെ ആദ്യകപ്പൽ ഈ മാസം 30 ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെത്തും. 14,000 ത്തോളം കണ്ടെയ്നറുകൾ വഹിക്കാൻ കപ്പലിന് ശേഷിയുണ്ട്. ആദ്യമായാണ് ഈ കമ്പനിയുടെ കപ്പൽ വിഴിഞ്ഞത്ത് എത്തുന്നത്.

✪✪✪

കാലിക്കറ്റ് പ്രസ് ക്ലബിലെ മുൻ ഓഫീസ് അസിസ്റ്റന്റ് വേണുഗോപാൽ ചേളന്നൂരിൽ നിര്യാതനായി - 80 വയസ്സായിരുന്നു. സംസ്കാരം ഉച്ചയ്ക്ക് വെസ്റ്റ്ഹിൽ ശ്മശാനത്തിൽ നടത്തും.

✪✪✪

കേന്ദ്ര ഗവൺമെന്റിന്റെ ഏകീകൃത പെൻഷൻ പദ്ധതി സ്വാഗതാർഹമെന്ന് ദക്ഷിണ റെയിൽവേ പ്രിൻസിപ്പിൽ ചീഫ് പേർസണൽ ഓഫീസർ K ഹരികൃഷ്ണൻ അഭിപ്രായപ്പെട്ടു. ജീവനക്കാർക്ക് ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണം നൽകണമെന്ന് തിരുവനന്തപുരത്ത് വീഡിയോ കോൺഫറൻസിങ്ങിലൂടെ നടത്തിയ വാർത്താ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

✪✪✪

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ഇതുവരെ 4,060 അപേക്ഷ ലഭിച്ചു. ഇവരിൽ 710 അപേക്ഷകർ 65 ന് മേൽ പ്രായക്കാരാണ്. 342 പേർ മെഹറം ഇല്ലാത്ത വിഭാഗത്തിലുമാണ്. സെപ്റ്റംബർ 9 ആണ് അപേക്ഷ ലഭിക്കേണ്ട അവസാന തീയതി.

✪✪✪

വിദ്യാഭ്യാസ തൊഴിൽ രംഗങ്ങളിൽ യുവജനങ്ങളെ ശാക്തികരിക്കുന്നതിന് നടത്തുന്ന മികച്ച സേവനം വിലയിരുത്തി കോഴിക്കോട്ടെ സിജി അവാർഡ് ഏർപ്പെടുത്തും. സ്ഥാപക പ്രസിഡണ്ടും ഭാഭാ അറ്റോമിക് റിസർച്ച് സെന്റർ മുൻ ശാസ്ത്രജ്ഞനുമായിരുന്ന ഡോ K അബൂബക്കറിന്റെ സ്മരണാർത്ഥമാണ് അവാർഡെന്ന് സിജി വിഷൻ ഡയരക്ടർ M.V സക്കറിയ കോഴിക്കോട്ട് അറിയിച്ചു.

✪✪✪